This Question Paper consists of 30 questions 7 printed pages.

Roll No.
റോൾ നമ്പർ

Code No. **63/S/A/MM**
കോഡ് നമ്പർ

Set / സെറ്റ് **A**

# MALAYALAM
# മലയാളം
# (232)

Day and Date of Examination ..........................................
(പരീക്ഷാ ദിവസവും തീയതിയും)

Signature of Invigilators 1. ..........................................
(ഇൻവിജിലേറ്ററിന്റെ ഒപ്പ്)

2. ..........................................

**പൊതുവായ നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യ പേജിൽ പ്രിന്റു ചെയ്തിരിക്കുന്ന വിവരങ്ങൾ ക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റു ചെയ്തിട്ടുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ 63/S/A/MM സെറ്റ് A എഴുതേണ്ടതാണ്.



Unnati Educations
9899436384, 9654279279

# MALAYALAM

# മലയാളം

# (232)

സമയം : 3 മണിക്കൂർ ] [ മാർക്ക് : 100

**നിർദ്ദേശങ്ങൾ :**

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

(ii) ഒന്നു മുതൽ പതിനൊന്നു വരെയുള്ള ചോദ്യങ്ങൾക്ക് A, B, C, D എന്ന ക്രമത്തിൽ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.

**1.** കെ. പി. കേശവമേനോന്റെ അഭിപ്രായത്തിൽ മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നതിലെ ആനന്ദം നാം ആദ്യം അറിയുന്നത് എവിടെ നിന്നാണ്? 1

(A) സാമുദായികവ്യവസ്ഥയിൽ നിന്ന്

(B) കുടുംബത്തിൽ നിന്ന്

(C) രാഷ്ട്രത്തിൽ നിന്ന്

(D) ദാമ്പത്ത്യജീവിതത്തിൽ നിന്ന്

**2.** വിൽ മുറിഞ്ഞ ഒച്ചയെ ഏതിനോടാണ് എഴുത്തച്ഛൻ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്? 1

(A) സന്തോഷത്തോട്

(B) നടുക്കത്തോട്

(C) മാറ്റൊലിയോട്

(D) ഇടിവെട്ടുന്ന ശബ്ദത്തോട്

**3.** മാക്കാച്ചിത്തവളയുടെ കണ്ണുപോലെ തോന്നിച്ചത് എന്ത്? 1

(A) മണ്ണിന്റെ ചോര

(B) മാണിക്യമുത്ത്

(C) നീറ്റിൽ കിടക്കുന്നത്

(D) മാനത്ത് മിന്നുന്നത്



Unnati Educations
9899436384, 9654279279

4. ഗോപികമാർ അത്തിയോട് തങ്ങളുടെ ദയനീയസ്ഥിതി വിവരിച്ചത് എങ്ങനെ? 1

(A) മേനിയാകെ തീ പടരുന്നുവെന്ന് പറഞ്ഞ്

(B) നെഞ്ചിൽ വെറുപ്പില്ല എന്നുപറഞ്ഞ്

(C) കോൾമയിർ അണിയുന്നു എന്നുപറഞ്ഞ്

(D) ക്ഷീണങ്ങൾ എങ്ങൾക്കു വന്നു എന്നുപറഞ്ഞ്

5. പരബ്രഹ്മയ്യരുടെ സങ്കടം കണ്ടിട്ട് ആളുകൾ ചിരിക്കാൻ കാരണമെന്ത്? 1

(A) മജിസ്ട്രേട്ടിനോട് ആവലാതി പറഞ്ഞതുകൊണ്ട്

(B) അന്നാട്ടുകാർക്ക് അയാളെ കണ്ടുകൂടായിരുന്നതുകൊണ്ട്

(C) ഒരുപാട് കച്ചട്ടികൾ കൈവണ്ടിയിൽ കൊണ്ടുവന്നതുകൊണ്ട്

(D) സത്യസന്ധനായതുകൊണ്ട്

6. ഓണത്തിന് സമ്മാനം നൽകിയിരുന്നത് ആരാണ്? 1

(A) അച്ഛൻ

(B) മാവേലി

(C) അമ്മാവൻ

(D) തട്ടാൻ

7. പൈതങ്ങൾ പൂർണ്ണവളർച്ച നേടുന്നതിന് എന്താണ് വേണ്ടത്? 1

(A) അമ്മതന്നെ പകർന്നു കൊടുക്കണം

(B) വാത്സല്യദുഗ്ധം നുകരണം

(C) സ്വഭാഷതൻ വക്ത്രത്തിൽ നിന്നു കേൾക്കണം

(D) അമ്മയെന്നുള്ള രണ്ടക്ഷരം സമ്മേളിക്കണം



Unnati Educations
9899436384, 9654279279

**8.** കുട്ടിക്കാലത്ത് കഠിനശിക്ഷയായി വി.ടി ക്കു അനുഭവപ്പെട്ടിരുന്നത് എന്താണ്? 1

(A) ഗണപതിഹോമം

(B) പൂജ

(C) ഔപാസനം

(D) ഏത്തംമുട്ടൽ

**9.** ഏറെ നന്മകൾ ചെയ്യുന്ന മരത്തിന് മനുഷ്യൻ പകരം നൽകുന്നത് എന്താണ്? 1

(A) സുധാവർഷധാര

(B) മഞ്ഞലോഹത്തിൻ തുട്ടുകൾ

(C) മഴുവും തീയും

(D) കാറ്റിനെയും സൂര്യനെയും

**10.** ദൃശ്യകലകളിൽ പെടാത്തത് ഏത്? 1

(A) നൃത്തം

(B) അഭിനയം

(C) ശില്പം

(D) വാദ്യം

**11.** താഴെ കൊടുത്തിരിക്കുന്നതിൽ വ്യത്യസ്തത പുലർത്തുന്നത് ഏത് ? 1

(A) പച്ച+ഇല

(B) കേരള+കര

(C) പട+തലവൻ

(D) വർണ+പകിട്ട്



Unnati Educations
9899436384, 9654279279

**12.** അർത്ഥമെഴുതി വാക്യത്തിൽ പ്രയോഗിക്കുക : 2+2=4

*(i)* മാർഗദർശി

*(ii)* സഹനശക്തി

**13.** അന്യബിന്ദുക്കളാകുന്ന തൂമുത്തുകൾ എന്നതിലെ അലങ്കാരം എന്ത്? 2

**14.** മരം പ്രാണവായു നൽകുന്നതിനെ സുഗതകുമാരി കല്പിച്ചിരിക്കുന്നത് എങ്ങനെ? 2

**15.** പാഠകം എന്ന കലാരൂപത്തിന്റെ പ്രത്യേകത എന്ത്? 2

**16.** ഇന്ത്യയുടെ ഏകത്വം പ്രകടമാകുന്നത് എവിടെയെല്ലാം? 3

**17.** ജാനമ്മയെ സർക്കസ് കമ്പനിയിൽ നിന്ന് ഒഴിവാക്കാൻ മാനേജർ നടത്തിയ തന്ത്രം എന്ത്? 3

**18.** രാവണന്റെ വിഡ്ഢിത്തം കവി ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ? 3

**19.** വി.ടി. യുടെ വീട്ടിലെ സ്ത്രീകൾ അനുഭവിച്ചിരുന്ന കഷ്ടപ്പാടുകൾ എന്തെല്ലാം? 3

**20.** കണ്ണന്റെ രൂപം ഗോപികമാർ വിവരിക്കുന്നത് എങ്ങനെ? 3

**21.** നെയ്പ്പായസം എന്ന കഥയിലെ അമ്മയുടെ അഭാവം കുടുംബത്തിനുണ്ടാക്കിയ നഷ്ടത്തെക്കുറിച്ച് വിവരിക്കുക? 4

**22.** മനസ്വിനിയുടെ ദിവ്യമായ അഴകിനെ കവി വർണ്ണിച്ചിരിക്കുന്നത് എങ്ങനെ? 4

**23.** ശ്രീ നാരായണഗുരു കേരളസമൂഹത്തെ ഉദ്ബോധിപ്പിച്ചത് എന്തെല്ലാം? ഇന്ന് അവ എത്രത്തോളം പ്രസക്തമാണ്? 4



**Unnati Educations**

**9899436384, 9654279279**

**24.** പെണ്ണുങ്ങൾ എന്ന കവിതയിൽ ഒ.എൻ.വി. അവതരിപ്പിക്കുന്ന സ്ത്രീ സമൂഹത്തിന്റെ പ്രശ്നങ്ങൾ വിശകലനം ചെയ്ത് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക. 5

**25.** ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക 5

''നമുക്കു നാമേ പണിവതു നാകം, നരകവുമതുപോലെ''

**26.** ഇഷ്ടപ്പെട്ട ഒരു പുസ്തകം സുഹൃത്തിന് പരിചയപ്പെടുത്തുന്ന കത്ത് തയ്യാറാ ക്കുക 5

**27.** പട്ടികകളുടെ പ്രാധാന്യം വിശദമാക്കുകയും ഏതെങ്കിലും ഒരു വിഷയത്തെ അധികരിച്ച് ഒരു പട്ടികയുടെ മാതൃക രൂപപ്പെടുത്തുകയും ചെയ്യുക. 5

**28.** താഴെ തന്നിരിക്കുന്ന പദ്യഭാഗം പരാവർത്തനം ചെയ്യുക 10

'അന്യഭാഷാബ്ധിയിലാണ്ടാണ്ടു മുങ്ങിയ
ധന്യരേ, നിങ്ങൾതൻ വേല പാഴിൽ
മാൽപെട്ടതിൽനിന്നുപാർജിച്ച രത്നങ്ങൾ
മാതാവിന്നായിസമർപ്പിതായ്കിൽ
ചെല്ലക്കിടാങ്ങൾതൻ സൽഗ്രന്ഥക്ഷുത്തിനെ
തെല്ലുശമിപ്പിപ്പാനാളില്ലാതെ
അല്ലൽപ്പെടുന്ന കുചേലകുടുംബിനി
യല്ലയോ നമ്മുടെ ഭാഷയിന്നും!'

**29.** താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് മൂന്നിലൊന്നായി സംഗ്രഹിക്കുക. 10

കൊല്ലവർഷം പത്താം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് തുള്ളൽ പ്രസ്ഥാനത്തിന്റെ ഉത്ഭവം. കല്യാണ സൗഗന്ധികം ശീതങ്കൻ തുള്ളലത്രേ ഈ പ്രസ്ഥാനത്തിലെ ആദ്യത്തെ കൃതി. മൂന്നേ മൂന്നാളേ തുള്ളലിനു വേണ്ടൂ. കൊട്ടാനും പാടാനുമായി രണ്ടാൾ. ആടാൻ തുള്ളൽക്കാരനും. ചെറിയൊരു മദ്ദളവും കുഴിതാളവും മാത്ര മാണ് വാദ്യം. ഓരോ ശീലും തുള്ളൽക്കാരൻ ചൊല്ലിക്കഴിഞ്ഞാൽ വാദ്യക്കാരൻ ഉടനെ അത് ഏറ്റുപാടണം. ആ സമയത്ത് തുള്ളൽക്കാരൻ സാമാന്യം വേഗത്തിൽ കഥകളിരീതിയിൽ അതിലെ പദാർത്ഥങ്ങളെ അഭിനയിച്ചു കാണിക്കുന്നു. പുരാണ കഥകളാണ് തുള്ളലിന് പ്രായേണ ഉപയോഗപ്പെടുത്തിക്കാണുക എന്നാലും വർണ്ണനം മുഴുവൻ നമുക്കു ചുറ്റും നടക്കുന്ന വിഷയങ്ങളെ ക്കുറിച്ചായിരിക്കും.


Unnati Educations
9899436384, 9654279279

**30.** ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് ഉപന്യസിക്കുക 12

*(i)* വായു, ശബ്ദം, ജലം എന്നിവയുമായി ബന്ധപ്പെട്ട മലിനീകരണപ്രശ്നങ്ങൾ

*(ii)* ജനാധിപത്യബോധം, ഭരണഘടനാമൂല്യങ്ങൾ എന്നിവയ്ക്ക് വിദ്യാഭ്യാസത്തിലുള്ള സ്ഥാനം

*(iii)* മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം.

★ ★ ★


Unnati Educations
9899436384, 9654279279